CYAN MAGENTA YELLOW BLACK



മനസ്സറിയുക ശരീരവും

# ആത്മവിശ്വാസവും ജീവിതവിജയവും

ഡോ. (സി.) ഷാലു കോയിക്കര

**നിങ്ങളുടെ പരിമിതികളെക്കുറിച്ച് പരാതിപ്പെടാതെ കഴിവുകളിൽ ശ്രദ്ധിച്ചു മുന്നോട്ടു പോവുക. ആത്മവിശ്വാസം വർധിപ്പിക്കാനുള്ള ഒന്നാമത്തെ മാർഗമാണിത്. ആൽബർട്ട് ഐൻസ്റ്റീൻ ഇതു മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് അദ്ദേഹം തന്റെ അവസാനത്തെ പുസ്തകത്തിൽ തന്റെ കഴിവുകളുടെ ഒരു ചെറിയ അംശമേ ഉപയോഗപ്പെടുത്തിയിട്ടുള്ളു എന്നെഴുതിയത്.**

റോബർട്ട് രണ്ടാംവർഷ എൻജിനീയറിംഗ് വിദ്യാർത്ഥിയാണ്. പഠനത്തിലൊന്നും വലിയ പ്രശ്നമില്ല. എന്നാൽ ക്ലാസ്സിൽ ഏതെങ്കിലും വിഷയത്തെക്കുറിച്ചു ഒരു പേപ്പർ അവതരിപ്പിക്കുക, മറ്റുള്ളവരോടു പ്രത്യേകിച്ച് പെൺകുട്ടികളോട് സംസാരിക്കുക ഇവയൊക്കെ അവനു വലിയ ബുദ്ധിമുട്ടാണ്. സ്കൂൾ ജീവിതകാലത്തും ഇങ്ങനെ തന്നെയായിരുന്നു. ഇപ്പോൾ അത് അല്പം കൂടി വഷളായി എന്നു മാത്രം.

ഇതു റോബർട്ടിന്റെ മാത്രം പ്രശ്നമല്ല. യുവജനങ്ങളിൽ നല്ലൊരു ശതമാനത്തിനും നേരിടേണ്ടി വരുന്ന ഒന്നാണ് ആത്മവിശ്വാസക്കുറവ്. വിജയിക്കുവാനാഗ്രഹിക്കുന്ന മനുഷ്യന് തന്നിൽത്തന്നെയുള്ള വിശ്വാസം കൂടിയേ തീരു. ചില വ്യക്തികൾ കൈവയ്ക്കുന്നതൊക്കെ വിജയവും മറ്റു ചിലർ എന്തു ചെയ്താലും അവിടെ പരാജയവും നാം കാണാറുണ്ട്. ഇതിനെ ഭാഗ്യമെന്നോ വിധിയെന്നൊ വിളിച്ചു പലപ്പോഴും നാം ആശ്വസിക്കാറുണ്ട്. ഒരുവന്റെ വിജയപരാജയങ്ങൾ എന്തുമാത്രം ആത്മവിശ്വാസം അവനുണ്ട് എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. എങ്ങനെ ആത്മവിശ്വാസം വർധിപ്പിച്ചെടുക്കാം?

സൈക്കോളജിസ്റ്റ് വില്യം ജയിംസിന്റെ വാക്കുകൾ ശ്രദ്ധിക്കുക. "അധികമാളുകളും ശാരീരികമായും ബൗദ്ധികമായും ധാർമികമായും വളരെ ചെറിയ ഒരു വലയത്തിലാണ് ജീവിക്കുന്നത്. അവരുടെ മനസ്സിന്റെയും ആത്മാവിന്റെയും കഴിവുകളുടെ വളരെ ചെറിയൊരംശം മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളു.



*വില്യം ജെയിംസ്*

റബേക്ക ജോൺസന്റെ അഭിപ്രായത്തിൽ ആത്മവിശ്വാസവും ഉറച്ച തീരുമാനവുമുണ്ടെങ്കിൽ മറ്റുള്ളവർക്ക് അവഗണിക്കാനാവാത്ത ഒരു ശക്തിയായി മാറാൻ ഏതൊരാൾക്കും കഴിയും. റബേക്ക മിസ്സിസിപ്പിയിൽക്കൂടി ഒരു ചെറിയവള്ളം തുഴഞ്ഞ് മിന്നസോട്ടയിൽ നിന്നു മെക്സിക്കോ ഉൾക്കടലിൽ എത്തി. രണ്ടായിരത്തിൽ കൂടുതൽ മൈലുകളാണ് ആ ചെറുതോണിയിൽ അവർ യാത്ര ചെയ്തത്. ഇത് എങ്ങനെ സാധിച്ചു?

നിങ്ങളുടെ പരിമിതികളെക്കുറിച്ച് പരാതിപ്പെടാതെ കഴിവുകളിൽ ശ്രദ്ധിച്ചു മുന്നോട്ടു പോവുക. ആത്മവിശ്വാസം വർധിപ്പിക്കാനുള്ള ഒന്നാമത്തെ മാർഗമാണിത്. ആൽബർട്ട് ഐൻസ്റ്റീൻ ഇതു മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണ് അദ്ദേഹം തന്റെ അവസാനത്തെ പുസ്തകത്തിൽ തന്റെ കഴിവുകളുടെ ഒരു ചെറിയ അംശമേ ഉപയോഗപ്പെടുത്തിയിട്ടുള്ളു എന്നെഴുതിയത്.

അഡ്മിറൽ ബൈഡ് പറയുന്നു: ശക്തിയുടെ ഒരിക്കലുമുപയോഗിക്കപ്പെടാത്ത ഉറവകൾ നമ്മിലോരോരുത്തരിലുമുണ്ട്. എഡ്ഗാർ കിനീലിന്റെ ചിന്തയിൽ ഓരോ മനുഷ്യനും സ്വന്തം മാർബിളിനെ അല്ലെങ്കിൽ കളിമണ്ണിനെ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. രൂപഭംഗിയില്ലാത്ത വികൃതപ്രവണതകളിൽ നിന്ന് ബുദ്ധിയുള്ള, സ്വതന്ത്രനായ, നീതിബോധമുള്ള വ്യക്തിയെ വാർത്തെടുക്കണം.

ഇന്നത്തെ കുട്ടികൾ ഏറെ കഴിവുള്ളവരാണ്. ബൗദ്ധികതലത്തിലും കലാകായികരംഗത്തും വലിയ പ്രതിഭകളുണ്ട്. എന്നാൽ സ്വന്തം കഴിവുകളെ മനസ്സിലാക്കാത്തതുകൊണ്ട് വളരെ ചെറിയ പ്രശ്നങ്ങൾ വരുമ്പോഴേക്കും അവരിൽ ഭൂരിപക്ഷം പേരും തളർന്നു പോവുകയാണ്. വളരെ നിസ്സാരകാര്യങ്ങൾക്കുവേണ്ടി ആത്മഹത്യ ചെയ്യുന്ന കൗമാരക്കാരെക്കുറിച്ച് നാം കേൾക്കാറുണ്ട്. തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന വലിയ ഉത്തരവാദിത്വങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും അവർക്ക് അവബോധമില്ലാത്തതുകൊണ്ടാണ് ഇതുപോലെയുള്ള വിപത്തുകളിൽ ചെന്നുവീഴുന്നത്.

തങ്ങൾക്കുള്ള ചെറിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ തങ്ങൾക്കു മുന്നിലുള്ള ക്രിയാത്മക മാർഗങ്ങളെ മനസ്സിലാക്കാത്തതുകൊണ്ടാണ് ഈ വിധം സംഭവിക്കുന്നത്. താനും ഈ പ്രപഞ്ചത്തിന്റെ ഒരു ഭാഗമാണ് എന്നതിനോടൊപ്പം അതിൽ ഏറ്റവും ശ്രേഷ്ഠതയുള്ളതാണ് എന്നു കൂടി മനസ്സിലാക്കിയാൽ അവൻ അഭിമാനബോധമുള്ളവനാകും.

വാസ്തുശില്പി, എഞ്ചിനീയർ, കവി എന്നീ നിലകളിലെല്ലാം ലോകപ്രശസ്തിയാർജിച്ച ബുക്ക് മിൻസ്റ്റർ ഫ്യുള്ളർ ആത്മഹത്യ ചെയ്യുന്നതിനായി മിച്ചിഗൻ തടാകത്തിന്റെ തീരത്തുപോയി നിന്നപ്പോൾ ആകാശത്തേക്കു നോക്കാനിടയായി. നക്ഷത്രജാലങ്ങൾ മിന്നിത്തെളിയുന്ന വിശാലമായ ആകാശം അദ്ദേഹത്തിന്റെ അന്തരാത്മാവിൽ ഭയഭക്തി ബഹുമാനാദികളുണർത്തി. ഒരു ചിന്ത അദ്ദേഹത്തിന്റെ മനസ്സിലുദിച്ചു. നിനക്കു നിന്നെത്തന്നെ ഇല്ലാതാക്കാനുള്ള അവകാശമില്ല. നീ നിന്റെ സ്വന്തമല്ല. ഈ വലിയ പ്രപഞ്ചത്തിന്റെ ഭാഗമാണു നീ. ആത്മഹത്യാശ്രമമുപേക്ഷിച്ച് അദ്ദേഹം തിരികെപ്പോന്നു. മഹത്തായ ആകാശദൃശ്യം അദ്ദേഹത്തിൽ തന്റെ തന്നെ മഹത്വത്തെ തൊട്ടുണർത്തി.

മനുഷ്യൻ ഇത്രയേറെ വലിയവനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെങ്കിൽ അവന്റെ മാഹാത്മ്യം ഉപയോഗപ്പെടുത്തുന്നതിന് അവനു സാധിക്കാത്തതെന്തുകൊണ്ടാണ്? റീജ 16 വയസ്സുള്ള 10-ാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്. നല്ല ബുദ്ധിയുണ്ടെങ്കിലും പഠനത്തിൽ തീരെ ശ്രദ്ധയില്ല. എല്ലാവരോടും വഴക്കുണ്ടാക്കും. ആരു പറഞ്ഞാലും അനുസരിക്കില്ല. അമ്മയുമായി മിക്കവാറും സംഘർഷത്തിലാണ്. അമിത കോപമാണ്. കോപം കൂടുതലായാൽ സാധനങ്ങളൊക്കെ എടുത്തെറിയും. ഈ പെൺകുട്ടി ക്ലിനിക്കിൽ വരുമ്പോൾ ഡോക്ടറോട് ആദ്യം ചോദിക്കുന്നത് എനിക്കുവേണ്ടി ഡോക്ടർ എന്തിനു സമയം നഷ്ടമാക്കുന്നു? എന്തു ചെയ്താലും ഞാൻ നന്നാവില്ല, കാരണം എന്റെ അമ്മ എന്നോട് എന്നും ആവർത്തിച്ചു പറയുന്നതാണ്, " നീ ഗുണംപിടിക്കില്ലെന്ന്".

റീജയ്ക്ക് തന്നെക്കുറിച്ചുതന്നെ വളരെ നിഷേധാത്മകമായ കാഴ്ചപ്പാടാണുള്ളത്. അതു വളരെ ആഴത്തിലുള്ളതാണ്. കാരണം അവളുടെ അമ്മയിൽ നിന്നു തന്നെ കിട്ടിയിട്ടുള്ളതാണത്. ആ കാഴ്ചപ്പാട് അവളുടെ സ്വന്തമായിക്കഴിഞ്ഞു. തന്നെക്കുറിച്ചു തന്നെയുള്ള അവളുടെ വിലയിരുത്തൽ ഏറെ വളവു തിരിവുള്ളതായി മാറിക്കഴിഞ്ഞു. ഇനി തന്നെക്കുറിച്ച് എന്തു കേട്ടാലും അവൾ ആ സിസ്റ്റത്തിൽകൂടി കടത്തിവിടും. അതിനു ചേരുന്നതിനെ മാത്രം സ്വീകരിക്കും, അല്ലാത്തതിനെ തള്ളിക്കളയും.

തന്റെ പോരായ്മകൾക്കപ്പുറം തന്നെ മുഴുവനായി കാണാൻ അവൾക്കു പറ്റുന്നില്ല. ഭാഗികമായി മാത്രം, തന്റെ കുറവുകൾ മാത്രം, കണ്ടിട്ട് അതു താനാണെന്ന് അവൾ തെറ്റിധരിക്കുന്നു. കുറവുകൾ വ്യക്തിത്വത്തിന്റെ ഒരു ഭാഗംമാത്രമാണെന്നും അതിനെക്കാൾ കൂടുതലായി നന്മകളും കഴിവുകളും ഉള്ളവരാണ് തങ്ങളെന്നും കുട്ടികളെ മനസ്സിലാക്കി കൊടുക്കേണ്ടത് മുതിർന്നവരുടെ, പ്രത്യേകിച്ച് മാതാപിതാക്കളുടെ കടമയാണ്.



*ആൽബർട്ട് ഐൻസ്റ്റീൻ*

**വാസ്തുശില്പി, എഞ്ചിനീയർ, കവി എന്നീ നിലകളിലെല്ലാം ലോകപ്രശസ്തിയാർജിച്ച ബുക്ക് മിൻസ്റ്റർ ഫ്യുള്ളർ ആത്മഹത്യ ചെയ്യുന്നതിനായി മിച്ചിഗൻ തടാകത്തിന്റെ തീരത്തുപോയി നിന്നപ്പോൾ ആകാശത്തേക്കു നോക്കാനിടയായി. നക്ഷത്രജാലങ്ങൾ മിന്നിത്തെളിയുന്ന വിശാലമായ ആകാശം അദ്ദേഹത്തിന്റെ അന്തരാത്മാവിൽ ഭയഭക്തി ബഹുമാനാദികളുണർത്തി. ഒരു ചിന്ത അദ്ദേഹത്തിന്റെ മനസ്സിലുദിച്ചു. നിനക്കു നിന്നെത്തന്നെ ഇല്ലാതാക്കാനുള്ള അവകാശമില്ല. നീ നിന്റെ സ്വന്തമല്ല. ഈ വലിയ പ്രപഞ്ചത്തിന്റെ ഭാഗമാണു നീ. ആത്മഹത്യാശ്രമമുപേക്ഷിച്ച് അദ്ദേഹം തിരികെപ്പോന്നു. മഹത്തായ ആകാശദൃശ്യം അദ്ദേഹത്തിൽ തന്റെ തന്നെ മഹത്വത്തെ തൊട്ടുണർത്തി.**

(തുടരും)

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK

ചുവരെഴുത്തുകൾ

# പൂതാടി പഞ്ചായത്തിനും തൊഴിലാളിസംഘടനകൾക്കും ലജ്ജിക്കാനൊരുകാലം

ശ്വേതകേതു




**അ**ധീരനാവാൻ സന്മനസു കാണിക്കാത്ത സാധാരണ പൗരന്റെ ആർജിതവിശ്വാസം സംരക്ഷിക്കുന്ന പ്രോജ്ജ്വലസാന്നിധ്യവും പവിത്രസന്നിധാനവുമാണ് ജനകീയ ജനാധിപത്യ ഭൂമികളൊക്കെയും. അവിടെ രാഷ്ട്രീയവിധ്വംസക വിക്രമികൾ ഇരുളിന്റെ മറപറ്റി ജനപ്രതിനിധികളെ അജ്ഞാതകേന്ദ്രത്തിലേക്കു തട്ടിക്കൊണ്ടു പോകുമ്പോൾ പൗരധർമം കൊള്ളയടിക്കുകയാണ്. ജനാധിപത്യവും മൗലികാവകാശവും തടങ്കലിലും. അധികാരത്തിന്റെ ഇടനാഴിയിൽ നിന്നിറങ്ങിവരുന്ന നക്തഞ്ചരന്മാർ തന്നെ ഇത്തരത്തിൽ കൊലവിളിക്കു മുതിരുന്നെങ്കിൽ പിന്നെന്ത് ജനകീയഭരണം?

പൂതാടി ഗ്രാമപഞ്ചായത്തിലെ അവിശ്വാസം നേരിടാനുള്ള ഭയപ്പാടിൽ നിന്നൊരു മോചനമായിരുന്നു വൈസ് പ്രസിഡണ്ടിനെ തട്ടിക്കൊണ്ടുപോകൽ! ജനപക്ഷത്തു നിന്ന് പരമാവധി മുഖം മിനുക്കാനുള്ള പരിശ്രമങ്ങളൊക്കെയും പാളിപ്പോയിട്ടും, പുതിയ പാഠങ്ങളൊന്നും പഠിക്കാത്ത സിപിഎം, പൂതാടിയിൽ പൂതനയാവുകയായിരുന്നു. എന്തിനുവേണ്ടിയായിരുന്നു ഈ ഐവർ നാടകം?

ഇടതുമുന്നണിക്കു പതിനൊന്നും യുഡിഎഫിന് പത്തും അംഗബലമുള്ള പൂതാടി ഗ്രാമപഞ്ചായത്തിലെ കോൺഗ്രസ് (എസ്) പ്രതിനിധിയാണ് വി.എൻ. ശശീന്ദ്രൻ. അദ്ദേഹം സമീപകാലത്ത് കോൺഗ്രസിൽ ചേർന്നതോടെ പഞ്ചായത്തു ഭരണത്തിൽ ഇടതുമുന്നണിയുടെ മേധാവിത്വം അസ്തമിച്ചു. ഒരു ഗ്രാമപഞ്ചായത്തിന്റെ ഭരണം പോലും സ്വഭാവികകാരണങ്ങളാൽ നഷ്ടമാവുന്നതിൽ സിപിഎം ഇത്രയേറെ അക്ഷമ കാണിക്കുന്നതെന്തിനെന്നാണ് പ്രബുദ്ധകേരളം ചോദിക്കുന്നത്. വിഭാഗീയതയുടെ പൂരംപടയണി പലേടത്തും തീപ്പന്തമെറിഞ്ഞ് പുരമെരിച്ചും കലമുടച്ചും കുലം മുടിപ്പിക്കുമ്പോൾ, ആ പേരിൽ ഒടുങ്ങാനുള്ളതല്ല പൂതാടി ഗ്രാമപഞ്ചായത്തുഭരണമെന്നത് പുത്തൻ സിദ്ധാന്തത്തിന്റെ പുതിയ തീരുമാനവും.

ഏപ്രിൽ 20ന് ശശീന്ദ്രനെ തട്ടിക്കൊണ്ടുപോയവർ 27 വരെ ഒളിവിൽ പാർപ്പിച്ചു. യുഡിഎഫ് കൊടുത്ത അവിശ്വാസ നോട്ടീസിനു തടയിടാമെന്ന ഇടതുമുന്നണിയുടെ അതിമോഹത്തിനു മുന്നിൽ ഹൈക്കോടതി പോലും അത്ഭുതം കൂറുകയായിരുന്നു! ഇതു കേരളത്തിലോ? ശശീന്ദ്രന്റെ ഭാര്യ വിജയമ്മ സമർപ്പിച്ച ഹേബിയസ് കോർപ്പസ് ഹർജി ഡിവിഷൻ ബഞ്ചു മുമ്പാകെ എത്തിയപ്പോഴായിരുന്നു കോടതി പരാമർശം!

തട്ടിക്കൊണ്ടു പോകാൻ ഒരുങ്ങിയിറങ്ങിയ സിപിഎം പ്രാദേശിക നേതാക്കൾക്കൊപ്പം മാനന്തവാടി ഡിവൈഎസ്പി ജി. ഹരിദാസുമുണ്ടായിരുന്നുവെന്നത് അന്വേഷണവിധേയമായിരിക്കുകയാണ്. നിയമപാലകർക്ക് ഈ വിധം അധികജോലി നല്കിയത് ആഭ്യന്തര വകുപ്പിന്റെ അറിവോടെയായിരിക്കണം. അതാണ് ശശീന്ദ്രനെ തട്ടിക്കൊണ്ടുപോയ കാറിൽ തോക്കും സൂക്ഷിച്ചിരുന്നത്. പൂതാടിയിൽ നിന്നും 80 കി.മീ. അകലെയുള്ള കൊടുവള്ളി അങ്ങാടിയിൽ ശശീന്ദ്രനെ കണ്ടെത്തിയത് പുൽപ്പള്ളി സർക്കിൾ ഇൻസ്പെക്ടറായിരുന്നു.

ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷമുള്ള സിപിഎം നീക്കം പ്രകോപനപരമെന്ന് പരാതി ഉയരവെ, ഈ കള്ളനും പോലീസും കളി കുറ്റപത്രങ്ങളുടെ ചുമടുതാങ്ങിയാക്കിയിരിക്കുകയാണ് ആ പാർട്ടിയെ.

> **ഇടതുമുന്നണിക്കു പതിനൊന്നും യുഡിഎഫിന് പത്തും അംഗബലമുള്ള പൂതാടി ഗ്രാമപഞ്ചായത്തിലെ കോൺഗ്രസ് (എസ്) പ്രതിനിധിയാണ് വി. എൻ. ശശീന്ദ്രൻ. അദ്ദേഹം സമീപകാലത്ത് കോൺഗ്രസിൽ ചേർന്നതോടെ പഞ്ചായത്തു ഭരണത്തിൽ ഇടതുമുന്നണിയുടെ മേധാവിത്വം അസ്തമിച്ചു. ഒരു ഗ്രാമപഞ്ചായത്തിന്റെ ഭരണം പോലും സ്വഭാവികകാരണങ്ങളാൽ നഷ്ടമാവുന്നതിൽ സിപിഎം ഇത്രയേറെ അക്ഷമ കാണിക്കുന്നതെന്തിനെന്നാണ് പ്രബുദ്ധകേരളം ചോദിക്കുന്നത്.**

ബൗദ്ധികമായ അനിവാര്യതകളെ തന്ത്രപൂർവം നിരാകരിക്കുന്ന ആക്രമണോത്സുകമായ തിണ്ടാട്ടം നേർവഴിക്ക് അണികളെ അടക്കിനിർത്താനാവാത്തവിധം രാഷ്ട്രീയനേതൃത്വങ്ങളെ തളർത്തിയിരിക്കുന്നു. മനസ്സുകൊണ്ടു മാനസാന്തരപ്പെടാത്തവരുടെ ഒരുക്കുകൂട്ടൽ പിടിച്ചുവാങ്ങുന്നതാവട്ടെ വിദ്വേഷവും. സമഗ്രമായ നിരീക്ഷണത്തിനും താത്വികമായ അന്വേഷണങ്ങൾക്കും പാങ്ങില്ലാത്തതിനാൽ മാനസികമായി വിടവാങ്ങുന്നതിന്റെ നേരന്വേഷണം വോട്ടുചോർച്ചയിലെത്തി നില്ക്കുകയാണ്. ബൂത്തുതലത്തിലെ സാധാരണപ്രവർത്തകന്റെ നിരീക്ഷണകൗതുകത്തെ പ്രതിരോധിക്കുന്നതാവട്ടെ ദന്തഗോപുരനിവാസികളായ സൈദ്ധാന്തികന്മാരും.

'യാഥാസ്ഥിതിക മാർക്സിസ്റ്റുകൾ കുന്നുകൂടുകയും അവരുടെ പ്രായോഗിക മേഖല കാപട്യത്തിന്റേതു മാത്രമായി ചുരുങ്ങുകയും ചെയ്തതുകൊണ്ട് സാമ്പത്തിക സമരങ്ങൾക്കപ്പുറം അവർക്കു മറ്റൊന്നും ചിന്തിക്കാൻ കഴിഞ്ഞില്ല; കൂട്ടിച്ചേർക്കാനുമായില്ല. മൗലികവാദത്തിന്റെ എല്ലാത്തരം കഷ്ടതകളും ഏറ്റി നടക്കുന്നവരായി മാറുകയായിരുന്നു അവർ! എൻ.എം.പിയേഴ്സൺ എഴുതിയ, 'പരിസ്ഥിതിപ്രത്യയശാസ്ത്രവും മാർക്സിയൻ പ്രതിസന്ധിയും' എന്ന ഗ്രന്ഥത്തിന്റെ അവതാരികയിൽ സൂചിപ്പിക്കുന്നതാണിത്. വിധേയത്വമില്ലാത്ത ഇത്തരം വിശകലനങ്ങൾ ജഡമൂടിയ പ്രത്യയശാസ്ത്രത്തിന്റെ ഉള്ളുരകളെ വിഷമസന്ധിയിലാക്കുകയാണ് വർത്തമാനകാലത്തിലും.

ഒരു ഗ്രാമപഞ്ചായത്തോ നഗരസഭയോ ജില്ലാ പഞ്ചായത്തോ കൈയാളിയതുകൊണ്ട് മാത്രം ആദരണീയ നിറസാന്നിധ്യമാവുന്നില്ല സിപിഎം. രാഷ്ട്രീയ താത്പര്യങ്ങളുടെ ചുറ്റുവട്ടങ്ങളുയർത്തുന്ന വെല്ലുവിളികൾ നിസ്സാരവത്കരിക്കുന്ന നേതൃത്വം, വൈയക്തികമായ അനുശീലനങ്ങളുടെ ഉപാസകരാവുമ്പോൾ രൂപപ്പെടുന്നതൊക്കെയും ഭാവിരാഷ്ട്രീയത്തിന്റെ മേല് പതിക്കുന്ന അശനിപാതമാണെന്ന് തിരിച്ചറിയുന്നുണ്ടോ?

സമൂഹജീവിതത്തെ നിത്യമെന്നോണം അലട്ടുന്ന മാഫിയകളുടെ കൈകടത്തലും, അധോലോക സഞ്ചാരങ്ങളും നിഷേധിക്കാത്തവർ അതിന്റെ സ്വന്തം ചുമതലക്കാരെന്നു വരുന്നതല്ലേ ഇടതുപക്ഷം നേരിടുന്ന ദുരന്തം?

>> 10

## അറിയേണ്ടും വാർത്തകൾ

### കുട്ടികളെ തട്ടിക്കൊണ്ടു പോകൽ

## ചൈനയിൽ ഡിഎൻഎ സെന്ററുകൾ സ്ഥാപിക്കുന്നു



**ചൈ**നയിൽ കുട്ടികളെ തട്ടിക്കൊണ്ടുപോകൽ സംഭവങ്ങൾ വർധിച്ചത് ഗവൺമെണ്ടിന് വൻ തലവേദന സൃഷ്ടിച്ചിരിക്കുന്നു. വർഷത്തിൽ ഇത്തരം മൂവായിരത്തോളം സംഭവങ്ങളാണ് ഉണ്ടാകുന്നതെന്ന് ഗവൺമെണ്ടിന്റെ രേഖകൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ഇത് പതിനായിരത്തിലധികം വരുമെന്ന് സാമൂഹ്യ സംഘടനകളും പറയുന്നു.

സാമൂഹ്യപ്രശ്നമായി വളർന്ന കുട്ടികളെ തട്ടിക്കൊണ്ടു പോകലിന് ഒരറുതി വരുത്തുന്നതിന്റെ ഭാഗമായി രാജ്യത്താകമാനം മെയ് അവസാനത്തോടെ 236 ഡിഎൻഎ സെന്ററുകൾ തുറക്കുവാനാണ് സർക്കാർ തീരുമാനം. കാണാതാകുന്ന കുട്ടികളെ ഡിഎൻഎ പരിശോധനയിലൂടെ കണ്ടെത്തി മാതാപിതാക്കളെ തിരിച്ചേല്പിക്കുവാൻ കഴിയും.

തട്ടിയെടുക്കപ്പെടുന്ന പത്തുവയസ്സിൽ താഴെപോലും പ്രായമുള്ള കുട്ടികൾ വരെ കൽക്കരിഖനികളിലേക്കും ഇഷ്ടികക്കളങ്ങളിലേക്കും മറ്റുമാണ് തൊഴിലെടുക്കുന്നതിനായി നിയോഗിക്കപ്പെടുന്നത്. ജനസംഖ്യാവർധനവ് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ദമ്പതികൾക്ക് ഒരു കുട്ടിയേ പാടുള്ളു എന്ന കർശനമായ വ്യവസ്ഥ ചൈനയിൽ നിലനില്ക്കുന്നു. ഈ വ്യവസ്ഥയാണ് ഇത്തരം സംഭവങ്ങൾ വർധിക്കുന്നതിന് മറ്റൊരു പ്രധാനകാരണമെന്നും ശിശുസംരക്ഷണ സംഘടനകൾ ചൂണ്ടിക്കാട്ടുന്നു.

**

### ജപ്പാന് അല്പാശ്വാസം

## വ്യവസായമേഖലയിൽ ആറുമാസങ്ങൾക്കുശേഷം ഉണർവ്



**ആ**ഗോള സാമ്പത്തികമാന്ദ്യത്തിന്റെ കെടുതി ഏറ്റവും കൂടുതൽ ഏറ്റുവാങ്ങിയ ലോകത്തെ രണ്ടാമത്തെ സാമ്പത്തികശക്തിയായ ജപ്പാന് ആശ്വാസം നല്കിക്കൊണ്ട്, വ്യവസായമേഖലയിൽ വളർച്ച രേഖപ്പെടുത്തി. ഉത്പാദനമേഖലയിൽ ഫെബ്രുവരിയിലേതിനെക്കാൾ മാർച്ചിൽ 1.6 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിനു മുമ്പത്തെ ആറുമാസം ജപ്പാന്റെ ഉത്പാദന, വിപണന, കയറ്റുമതി രംഗമാകെ വൻ ഇടിവിനെ അഭിമുഖീകരിച്ചിരുന്നു.

രാജ്യത്തിന്റെ സാമ്പത്തിക നിലയുടെ പ്രധാന അളവുകോലായ ജിഡിപി, ജപ്പാനിൽ 2010 മാർച്ചിൽ 3.1 ശതമാനമായി ഉയരുമെന്ന് ബാങ്ക് ഓഫ് ജപ്പാനും കണക്കുകൂട്ടുന്നു. രണ്ട് ശതമാനം മാത്രമായിരിക്കും ജിഡിപി എന്നതായിരുന്നു ഇതിനു മുമ്പത്തെ കണക്കുകൂട്ടൽ.

സാമ്പത്തിക മാന്ദ്യത്തിന്റെ തീക്ഷ്ണത കുറയ്ക്കുന്നതിനായി ബാങ്കുകളിലെ പലിശനിരക്ക് ജപ്പാൻ സർക്കാർ 0.1 ശതമാനമായി നിജപ്പെടുത്തിയിരുന്നു. 155 ബില്യൺ ഡോളറിന്റെ സാമ്പത്തിക പാക്കേജ് സർക്കാർ പ്രഖ്യാപിച്ചും കഴിഞ്ഞു. കൂടാതെ രാജ്യത്തെ ഉത്പാദനമേഖല വളർച്ചയുടെ പാതയിൽ തന്നെ തുടരുമെന്നും, അത് മെയ് അവസാനത്തോടെ 6.1 ശതമാനത്തിൽ എത്തുമെന്നും സർക്കാർ അവകാശപ്പെടുന്നു.

**

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK



# ബാലലോകം

## സിപ്പിയങ്കിളും കുട്ടികളും

## ഒരേ ഒരമ്മ ഒരൊറ്റ രക്തം

*പ്രിയ കൂട്ടുകാരേ,*

ജാതിയുടെ പേരിലും മതത്തിന്റെ പേരിലും നിറത്തിന്റെ പേരിലും രാഷ്ട്രീയത്തിന്റെ പേരിലും നാം ആരെയും വേർതിരിച്ചു കാണരുത്. എല്ലാവരും ഒരമ്മപെറ്റ മക്കളെപ്പോലെ ഈ ഭൂമിയിൽ ജീവിക്കാനെത്തിയവരാണ്. പിന്നെ എന്തിനാണ് നമ്മൾ തമ്മിൽ കൊല്ലാനും തിന്നാനും ഒരുങ്ങുന്നത്?

"പശുക്കൾ പലനിറമാണെന്നാലും
പയ്യിൻ പാലിന്നൊറ്റ നിറം.
മനുഷ്യർ പലവിധമാണെന്നാലും
നമ്മുടെ ചോരയ്ക്കൊറ്റ നിറം!"

ഒരിക്കൽ കുറെ കുട്ടികൾ ഒരു മൈതാനത്തു നിന്ന് കളിച്ചു രസിക്കുകയായിരുന്നു. അവരുടെ കളിയും ചിരിയും ആഹ്ലാദവും കണ്ട് മാർട്ടിൻ എന്നു പേരുള്ള ഒരു കൊച്ചു പയ്യൻ അവിടേക്ക് ഓടിച്ചെന്നു. അവനെ കണ്ട് ഒരു കുട്ടി വെറുപ്പോടെ പറഞ്ഞു. "നീയെന്തിനാ ഇവിടേക്ക് വരുന്നത്? നീ ഞങ്ങളോടൊപ്പം കളിക്കേണ്ട. വേഗം ഇവിടെ നിന്ന് പൊയ്ക്കൊള്ളൂ".

"ങും അതെന്താ?" മാർട്ടിൻ ചോദിച്ചു.

" നീ കറുത്ത വർഗക്കാരനാണ്. ഞങ്ങളോടൊപ്പം കളിക്കാൻ നിനക്ക് യോഗ്യതയില്ല. ഞങ്ങൾ വെള്ളക്കാരുടെ മക്കളാണ്.

" ഓഹോ, അങ്ങനെയോ? കളിയിലും കറുപ്പും വെളുപ്പുമുണ്ടല്ലേ? അതെനിക്ക് മനസ്സിലായില്ല."

മാർട്ടിൻ നിരാശയോടും സങ്കടത്തോടും കൂടി അവിടെനിന്നും വീട്ടിലേക്ക് തിരിച്ചു പോയി.

ഈ അനുഭവം ഒരിക്കൽ മാത്രമല്ല; പലപ്പോഴും മാർട്ടിന് അനുഭവിക്കേണ്ടതായി വന്നു. " കറുത്തവരും മനുഷ്യരാണെന്ന് ഞാൻ തെളിയിക്കും!" അവൻ സ്വയം പ്രതിജ്ഞ ചെയ്തു. വളർന്നുവന്നപ്പോൾ കറുത്തവരുടെ മോചനത്തിനും ഉന്നമനത്തിനും വേണ്ടി അവൻ പോരാടി.

ആരാണ് ഈ മാർട്ടിനെന്ന് നിങ്ങൾക്ക് മനസ്സിലായോ? അമേരിക്കയിലെ കറുത്ത വർഗക്കാരുടെ മുന്നണിപ്പോരാളിയെന്ന് ലോകം വിശേഷിപ്പിച്ച മാർട്ടിൻ ലൂതർ കിങ്ങായിരുന്നു ആ പയ്യൻ! പില്ക്കാലത്ത് അമേരിക്കൻ ഗാന്ധിയെന്ന് അദ്ദേഹം അറിയപ്പെട്ടു. അടിയുറച്ച നിശ്ചയദാർഢ്യവും അടങ്ങാത്ത സ്വാതന്ത്ര്യ ദാഹവുമാണ് മാർട്ടിനെ വിജയസോപാനത്തിൽ എത്തിച്ചത്.

മനുഷ്യനന്മയ്ക്ക് വേണ്ടിയുള്ള മുന്നേറ്റത്തിൽ നമ്മളും മാർട്ടിനെ മാതൃകയാക്കണം. എല്ലാവരും ഒരമ്മപെറ്റ മക്കളാണെന്ന് വിളിച്ചു പറയാനുള്ള നാവ് നമുക്കുമുണ്ടാകണം.

*സസ്നേഹം*

**സിപ്പിയങ്കിൾ**

## കുട്ടിക്കവിത

## വ്യാമോഹം



*കടലലപാടും പാട്ടുകൾ കേൾക്കാൻ*
*കടലകൊറിച്ചു രസിച്ചീടാൻ,*
*കുഞ്ഞേ നിന്നോടൊപ്പമിരുന്നീ*
*മൺകൊട്ടാരമിതുണ്ടാക്കാൻ,*
*കാലംചുളിവുകൾ വീഴ്ത്തിയ-*
*വിരലാൽ*
*കളിയോടങ്ങളൊഴുക്കീടാൻ,*
*വാർദ്ധകചിന്ത ഗ്രസിച്ചീടാത്തെൻ*
*മനസ്സിൽ മോഹം നുരയുന്നു......*

**കാവ്യദാസ് ചേർത്തല**

## സ്വർണവിളക്ക്

## ബാലനോവൽ – 13

**അന്തീനാട് ജോസ്**

**ലാ**വോസ് തന്റെ കഥയെല്ലാം ആ വൃദ്ധനോട് പറഞ്ഞു. അവർ രണ്ടുപേരും ചിരകാല സുഹൃത്തുക്കളെപ്പോലെയായി. അവർ നടന്നു വലിയ ഒരു വൃക്ഷത്തിന്റെ ചുവട്ടിലെത്തി.

അപ്പോൾ വൃദ്ധൻ പറഞ്ഞു. "നീ എന്റെ വീട്ടിൽ ഇന്നു രാത്രി അതിഥിയായി കഴിയണം. കാട്ടിറച്ചിയും തേനുമെല്ലാം വീട്ടിലുണ്ട്.

'ഞാൻ വരാം അപ്പൂപ്പാ', ലാവോസ് പറഞ്ഞു.

ലാവോസ് വൃദ്ധനോടൊപ്പം അഗാധമായ ഒരു ഗുഹയിലേക്കു കയറി. ഗുഹയുടെ വാതിൽതാനെ അടഞ്ഞു. പിന്നെയും അവർ ഉള്ളിലേക്കിറങ്ങി. അവിടെയെത്തിയപ്പോൾ വൃദ്ധൻ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു.

നീ ഇനി ഒരിക്കലും സൂര്യനെ കാണില്ല!

അവൻ അതുകേട്ടു നടുങ്ങി.

വൃദ്ധന്റെ സ്വരം ഒരു ഇടിത്തീപോലെ ലാവോസിനു തോന്നി. ഇതിനു മുമ്പെങ്ങും ഇത്ര ഞടുക്കുന്ന ഒരു സ്വരം കേട്ടിട്ടില്ല. ആ വൃദ്ധൻ കൊടിയ വഞ്ചകനാണെന്ന് അവനു



മനസ്സിലായി. സ്വപ്നത്തിൽ പോലും അവനിതു കരുതിയിരുന്നില്ല. എത്ര കഷ്ടപ്പെട്ടിട്ടാണ് അയാളെ ഈ ഗുഹയിലേക്ക് കൊണ്ടുവന്നത്. മുടന്തിയുള്ള നടത്തം അഭിനയമായിരുന്നോ എന്നുപോലും ലാവോസ് സംശയിച്ചു.

അവൻ അയാളെത്തന്നെ തുറിച്ചു നോക്കി. ഏതാനും നിമിഷം മുമ്പ് അയാളുടെ വായിൽ നിന്നും കേട്ട ശബ്ദം ഒരു യാഥാർത്ഥ്യമാണെന്ന് അവനു വിശ്വസിക്കാൻ കഴിഞ്ഞില്ല. എല്ലാം ഒരു സ്വപ്നം പോലെ തോന്നുന്നു.

താൻ ഒരിക്കലും അയാളെ വിശ്വസിക്കരുതായിരുന്നു. സത്യമൊന്നും തുറന്നുപറയാൻ പാടില്ലായിരുന്നു. അയാളെക്കണ്ട മാത്രയിൽ എങ്ങോട്ടെങ്കിലും ഓടിമാറിയാൽ മതിയായിരുന്നു. എങ്കിൽ താനൊരിക്കലും ഈ കൊടുംചതിയിൽ വീഴില്ലായിരുന്നു.

ഇയാൾ ഒരു പക്ഷേ വല്ല കൊള്ളക്കാരനുമായിരിക്കുമോ? ചിലപ്പോൾ വേഷം മാറി നടക്കുന്നതാണെങ്കിലോ?

ഇനി ഒന്നും പറഞ്ഞിട്ടു കാര്യമില്ല.

കഴിഞ്ഞതിനെപ്പറ്റി ചിന്തിച്ചു സമയം കളയാതെ എത്രയും വേഗം അതിൽ നിന്നും കരകയറാനാണ് ശ്രമിക്കേണ്ടത്.

എങ്ങനെയെങ്കിലും ഇയാളിൽ നിന്ന് രക്ഷപെടണം.

അവൻ ആ വൃദ്ധനെ തള്ളിമാറ്റിക്കൊണ്ട് മുന്നോട്ടുപാഞ്ഞു. എങ്ങനെയെങ്കിലും കാട്ടിലെത്തി എങ്ങോട്ടെങ്കിലും ഓടിരക്ഷപെടാനായിരുന്നു അവന്റെ പ്ലാൻ.

കൊടുങ്കാറ്റിന്റെ വേഗത്തിൽ ഇരുളിലൂടെ അവൻ ഓടി. തിരിഞ്ഞുനോക്കിയപ്പോൾ ആ വൃദ്ധൻ പിന്നാലെ ഓടിവരുന്നത് അവൻ കണ്ടു. അതുകണ്ടപ്പോൾ ലാവോസ് പകച്ചുപോയി. ഇത്രയും സമയം കാലിൽ മുടന്തുണ്ടായിരുന്ന അയാൾ സാധാരണ മനുഷ്യനെപ്പോലെ ഓടുന്നു.

ദൈവമേ, എന്തൊരു കൊലച്ചതിയാണിത്?

ഓടി വാതില്ക്കലെത്തിയപ്പോഴാണ് അവന് ആ സത്യം മനസ്സിലായത്. വാതിൽ അടഞ്ഞുകിടക്കുന്നു! അവൻ എത്ര ശ്രമിച്ചിട്ടും അതു തുറക്കാൻ കഴിഞ്ഞില്ല. അവൻ നിമിഷങ്ങളോളം നിന്നു വിയർത്തു.

ഇനി എങ്ങനെ പുറത്തുകടക്കും? അവനിൽ നിന്നു സർവശക്തിയും ചോർന്നുപോകുന്നതുപോലെ തോന്നി.

അവൻ തിരിഞ്ഞുനോക്കി. വൃദ്ധൻ തൊട്ടുപിന്നാലെ തന്നെയുണ്ട്. അയാൾക്ക് കൂസലൊന്നുമില്ല.

'എനിക്കു പോകണം, എന്നെ വിടൂ" അവൻ ദയനീയമായി പറഞ്ഞു.

അതുകേട്ട് വൃദ്ധൻ പൊട്ടിച്ചിരിച്ചു. അയാളുടെ ചിരി ഗുഹയിൽ ഭീകരമായ ഒരു മുഴക്കം സൃഷ്ടിച്ചു.

*(തുടരും)*

CYAN MAGENTA YELLOW BLACK

ജർമൻ ഡയറി

# അൻഗെലാ മെർക്കൽ വിജയം ആവർത്തിക്കുമോ?

ജോർജ് കുറ്റിക്കാട്ട്

**2009** സെപ്റ്റംബർ 27-ാം തീയതി ജർമനിയുടെ പതിനേഴാം പാർലമെണ്ട് തെരഞ്ഞെടുപ്പ്, ജർമൻ ഫെഡറൽ റിപ്പബ്ലിക്കിന്റെ പ്രസിഡണ്ട് ഹോർസ്റ്റ് ക്യോളർ ഔദ്യോഗികമായി പ്രഖ്യാപിച്ചു കഴിഞ്ഞു.

ജർമൻ ഭരണഘടന അനുശാസിക്കുന്ന നിയമം പരിശോധിച്ചശേഷമാണ് തെരഞ്ഞെടുപ്പ് തീയതി നിശ്ചയിച്ചിട്ടുള്ളത്. നാലു വർഷമാണ് പാർലമെണ്ടിന്റെ കാലാവധി. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ഇടക്കാല തെരഞ്ഞെടുപ്പുകൾ ഉണ്ടാകും. ഉദാഹരണത്തിന് വിശ്വാസവോട്ടെടുപ്പിൽ ഗവൺമെണ്ടിന് ഭൂരിപക്ഷം നഷ്ടമായാൽ. ഇതുവരെ 1972, 1983, 2005 എന്നീ വർഷങ്ങളിൽ ഇടക്കാല തെരഞ്ഞെടുപ്പുകൾ ഉണ്ടായി.

തെരഞ്ഞെടുപ്പ് അടുത്തതോടെ ജർമനിയിലെ രാഷ്ട്രീയ അന്തരീക്ഷം കൂടുതൽ സജീവമായിരിക്കുന്നു. നിലവിലുള്ള മഹാകൂട്ടുകക്ഷി ഗവൺമെണ്ട് അധികാരം നിലനിർത്തുന്നതിനായി കഠിനാധ്വാനം ചെയ്യുന്നുണ്ട്. ജർമനിയിലെ പ്രമുഖ രാഷ്ട്രീയ പാർട്ടികളായ ക്രിസ്ത്യൻ ഡെമോക്രാറ്റിക്ക് യൂണിയൻ (സിഡിയു), ക്രിസ്ത്യൻ സോഷ്യൽ യൂണിയൻ (സിഎസ്‌യു), സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി (എസ്ഡിപി) എന്നിവയും മഹാകൂട്ടുകക്ഷി ഗവൺമെണ്ടിന്റെ ഭാഗമാണ്.



*നിലവിലെ ചാൻസലറും സിഡിയു-ഡിഎസ്‌യു സഖ്യത്തിന്റെ ചാൻസലർ സ്ഥാനാർത്ഥിയുമായ അൻഗെലാ മെർക്കൽ.*



*സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെ ചാൻസലർ സ്ഥാനാർത്ഥി ഫ്രാങ്ക് വാൾട്ടർ സ്റ്റയ്ൻമയർ*

**രാഷ്ട്രീയ കാലാവസ്ഥ എങ്ങനെ മാറിമറിഞ്ഞാലും ജർമനിയിൽ ഒരു കൂട്ടുകക്ഷി സർക്കാരിനേ പ്രസക്തിയുള്ളൂ. വലിയ രാഷ്ട്രീയ പാർട്ടികളുടെ മേൽ ജനങ്ങൾക്കുള്ള വിശ്വാസം കുറഞ്ഞുവരുന്നു. സിഡിയു-സിഎസ്‌യുവിന് പതിമൂന്നു ശതമാനവും എസ്പിഡിക്കു എട്ടു ശതമാനവും ജനങ്ങളുടെ പിന്തുണയാണ് ഏറ്റവും ഒടുവിൽ വന്ന സർവേഫലം നല്കുന്നത്. ആകെയുള്ള ജനങ്ങളിൽ 59 ശതമാനം പേരും എസ്പിഡിയുടെ പ്രവർത്തനങ്ങളിൽ അതൃപ്തരാണ്. അതേസമയം സിഡിയുവിന്റെ ജനപ്രീതി വർധിച്ചിരിക്കുന്നുവെന്നും സർവേഫലങ്ങൾ വ്യക്തമാക്കുന്നു.**

പുതിയ പാർലമെണ്ടിനെ തെരഞ്ഞെടുക്കുന്നതോടെ പുതിയ ചാൻസലറെയും തെരഞ്ഞെടുക്കും. നിലവിലെ ചാൻസലർ അൻഗെലാ മെർക്കൽ സിഡിയു-സിഎസ്‌യു സഖ്യത്തിന്റെയും, വൈസ് ചാൻസലറും വിദേശകാര്യമന്ത്രിയുമായ ഫ്രാങ്ക് വാൾട്ടർ സ്റ്റയ്ൻമയർ സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടിയുടെയും ചാൻസലർ സ്ഥാനാർത്ഥികളായി മത്സരരംഗത്തെത്തിക്കഴിഞ്ഞു.

ജർമനി ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ ഒഴുക്കിൽ അടിപതറുകയില്ലെന്ന പ്രതിജ്ഞയും പ്രസ്താവനകളും പ്രസംഗങ്ങളുമായി എല്ലാ രാഷ്ട്രീയപാർട്ടികളും രംഗത്തെത്തിക്കഴിഞ്ഞു. ചാൻസലർ സ്ഥാനത്തേക്കുള്ള തേരോട്ടത്തിൽ ആരു വിജയിക്കുമെന്നും, ബർലിൻ ബ്രാൻഡൻബർഗർ ടോർ കടന്ന് ചാൻസലർ കസേര ആരുടെ ഇരിപ്പിടം ആകുമെന്നും ഇപ്പോൾ പ്രവചിക്കുക സാധ്യമല്ല. എങ്കിലും പ്രാഥമിക അഭിപ്രായ സർവേകളിൽ സിഡിയു-സിഎസ്‌യു സഖ്യത്തിന് ഏകദേശം 35 ശതമാനം വോട്ടുകൾ ലഭിക്കും എന്നുപറയുന്നു. അതേ സമയം എസ്ഡിപിക്ക് 24 ശതമാനം, എഫ്ഡിപിക്ക് 16 ശതമാനം, ഗ്രീൻപാർട്ടിക്ക് 10 ശതമാനം എന്നിങ്ങനെയും വോട്ടുകൾ ലഭിക്കുമെന്ന് അഭിപ്രായ സർവേകൾ സൂചന നല്കുന്നു.

ജർമൻ പാർലമെണ്ട് തെരഞ്ഞെടുപ്പിന് ആറുമാസങ്ങൾ പോലും ഇല്ലെന്നിരിക്കെ അൻഗെലാ മെർക്കലിന്റെ ആവനാഴിയിലെ ശരങ്ങൾ നിർവീര്യമാക്കുന്ന നിലയിൽ സ്വന്തം അണികളിലെ ഒരു സംഘം പ്രവർത്തിക്കുന്നുണ്ട്. താളവും മേളവും മുഴക്കി രംഗം ശബ്ദമുഖരിതമാക്കുന്നുമുണ്ട്. അൻഗെലാ മെർക്കലിന്റെ നികുതി പരിഷ്ക്കരണ നിർദേശങ്ങൾക്കെതിരെ ശബ്ദമുയർത്തുന്നവരാണവർ. അവരിലെ പ്രമുഖരാണ് ത്രിമൂർത്തികളായ മൂന്നു സംസ്ഥാന മുഖ്യമന്ത്രിമാർ. ജർമൻ ചാൻസലർ കസേര സ്വപ്നം കാണുന്ന, ഹെസ്സൻ സംസ്ഥാന മുഖ്യമന്ത്രി റോളാൻഡ് കോഹും, നോർത്ത് റൈൻ വെസ്റ്റ് ഫാളനിലെ മുഖ്യമന്ത്രി യൂർഗൻ റൂട്ട്ഗേഴ്സ്, നീഡർ സാക്സണിന്റെ മുഖ്യൻ ക്രിസ്ത്യാൻ വുൾഫ് എന്നിവർ അൻഗെലാ മെർക്കലിന്റെ വിജയത്തിലേക്കുള്ള വഴിയിൽ വിലങ്ങനെ ചാടിയിരിക്കുകയാണ്. ബുദ്ധിമാന്മാരായ ആദ്യത്തെ രണ്ടുപേരും സ്വദേശിവാദം ആളിക്കത്തിച്ചാണ് മുഖ്യമന്ത്രി പദത്തിൽവരെ എത്തിയത്. “ഇന്ത്യക്കാരനു പകരം ജർമൻ കുട്ടികൾ” (കിൻഡർ സ്റ്റട്ട് ഇൻഡർ”) എന്ന കുപ്രസിദ്ധ തെരഞ്ഞെടുപ്പു സൂക്തത്തിന്റെ പ്രചാരകരാണവർ.

തെരഞ്ഞെടുപ്പു വേളയിൽ ജർമൻകാരുടെ ഇടയിൽ വിദേശിവിരോധം ചീറ്റുന്ന പ്രചാരണങ്ങൾ വഴി വിജയം നേടിയെടുക്കുവാൻ മുഖ്യമന്ത്രി യൂർഗൻ റൂട്ട്ഗേഴ്സ് പരിശ്രമിച്ചു. 1998ലെ തെരഞ്ഞെടുപ്പിൽ റോളാൻഡ് കോഹ് വിദേശികൾക്ക് ഇരട്ടപൗരത്വം നല്കുന്നതിനെ എതിർത്തുകൊണ്ട് ജനങ്ങളിൽനിന്നു ഒപ്പുശേഖരണം നടത്തി പ്രസിഡണ്ടാകാൻ ശ്രമിച്ച പോപ്പുലിസ്റ്റാണ്.

സിഡിയു പാർട്ടിയണികളിലെ ഗ്രൂപ്പു നേതാക്കളുടെ പന്തെറിയൽ വീക്ഷിച്ചുകൊണ്ടിരിക്കുന്ന സോഷ്യൽ ഡെമോക്രാറ്റുകൾക്ക് അഭിപ്രായവോട്ടെടുപ്പിൽ ജനസമ്മതി പിന്നോക്കം നില്ക്കുന്നുവെങ്കിലും പ്രതീക്ഷയുടെ രഥത്തിലാണ് വൈസ് ചാൻസലർ ഫ്രാങ്ക് വാൾട്ടർ സ്റ്റയിൻമയറുടെ പുറപ്പാട്.

കൂട്ടുകക്ഷിഭരണത്തിൽ കഴിയുന്നിടത്തോളം ഒരു കക്ഷിരാഷ്ട്രീയ ഉൾപ്പോരിനുള്ളിലേക്കു തെന്നി വീഴാതെ അകന്നു നില്ക്കാനാണു ചാൻസലർ അൻഗെലാ മെർക്കൽ ആഗ്രഹിക്കുന്നതെന്ന് വ്യക്തമാണ്. പക്ഷേ, അവരുടെ പാർട്ടിസുഹൃത്തുക്കളായ ചില നേതാക്കൾ ഭരിക്കുവാനല്ല, കലഹം ഉണ്ടാക്കുവാനാണ് തെരഞ്ഞെടുപ്പ് പടിക്കലെത്തിയ ഈ അവസരത്തിൽപോലും ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ഇത്തരം വിഷമസന്ധിയിൽ അൻഗെലാ മെർക്കൽ വളരെ ശ്രദ്ധേയമായ ഒരു തെരഞ്ഞെടുപ്പിനെയാണ് നേരിടാൻ പോകുന്നത്. എസ്ഡിപി ചാൻസലർ സ്ഥാനാർത്ഥി ഫ്രാങ്ക് വാൾട്ടർ സ്റ്റയിൻമയറിന്റെ നിഗൂഢ നീക്കങ്ങൾക്ക് ഏറെ ശ്രദ്ധകൊടുത്തുകൊണ്ടുള്ള ഒരു പോരാട്ടത്തിനാണ് അവർ നേതൃത്വം നല്കാൻ പോകുന്നത്. വീണ്ടും ഭരണത്തിൽവരും എന്ന ശുഭപ്രതീക്ഷയാണ് അൻഗെലാ മെർക്കലിനുള്ളത്.

സ്വാർത്ഥതാത്പര്യം ഇല്ലാത്ത, രാജ്യത്തിന്റെ പൊതുതാത്പര്യത്തിനുവേണ്ടിയുള്ള ഒരു മഹാകൂട്ടുകക്ഷി സർക്കാരിന്റെ ചാൻസലർ എന്ന ബഹുമതി നിലനിർത്തണമെന്നാണ് അവരുടെ താത്പര്യവും. ഇത്തരം താത്പര്യങ്ങൾക്ക് എതിരെ കഴിഞ്ഞ കുറച്ചുകാലങ്ങളായി നിരവധി പ്രതിസന്ധികൾ ഒന്നിനുപുറകെ മറ്റൊന്നായി അൻഗെലാ മെർക്കലിന് നേരിടേണ്ടിയും വന്നിട്ടുണ്ട്.

തെരഞ്ഞെടുപ്പ് മത്സരത്തിലെ എതിരാളി ഫ്രാങ്ക് വാൾട്ടർ സ്റ്റയിൻമയർ അൻഗെലാ മെർക്കലുമായി തെരഞ്ഞെടുപ്പ് അടുത്തതോടെ സ്വരൈക്യത്തിലും സഹവർത്തിത്വത്തിലുമല്ല. പകരം പ്രകോപിപ്പിച്ച് ഒറ്റപ്പെടുത്തി ഇല്ലെന്നാക്കുകയെന്ന കടുത്ത നയമാണ് സ്വീകരിച്ചിരിക്കുന്നത്.

സ്വന്തം അണികളെ അതത് ഇരിപ്പിടങ്ങളിൽ പിടിച്ചിരുത്തുകയെന്ന വിഷമമേറിയ ഉത്തരവാദിത്വം അൻഗെലാ മെർക്കലിന് ഇരട്ടവെല്ലുവിളിയാണ്. എന്നിരുന്നാലും, സന്തോഷത്തിന് വകയുള്ളത് അൻഗെലാ മെർക്കലിനുള്ള ജനപ്രീതി വാൾട്ടർ സ്റ്റയിൻമയറിന് ഇല്ലെന്നുള്ളതാണ്. അതുപോലെ തന്നെ, വാൾട്ടർ സ്റ്റയിൻമയറിന് പാർട്ടിക്കുള്ളിലെ അനൈക്യവും പ്രശ്നമാണ്.

ആഘോഷകമ്മിറ്റിക്കാരുടെ കൂട്ടലുകളും കിഴിക്കലുകളും പതിവുപോലെ തന്നെ നടക്കുന്നു. കണക്കുകൾ പ്രകാരം ജർമൻകാരും കുടിയേറി പാർത്തവരും കൂടി ജർമനിയിൽ താമസിക്കുന്നവരുടെ എണ്ണം എൺപത്തിരണ്ട് മില്യൺ ആണ്. ഇതിൽ, തെരഞ്ഞെടുപ്പ് ചീഫ് കമ്മീഷണറുടെ ഏറ്റവും പുതിയ കണക്കനുസരിച്ച് ജർമനിയിലെ പതിനാറു സംസ്ഥാനങ്ങളിലായി 62.2 മില്യൺ പേർക്ക് വോട്ടവകാശം ഉണ്ട്. ഇതിലേറ്റവും കൂടുതൽ വോട്ടർമാർ താമസിക്കുന്നത് നോർത്ത് റൈൻ വെസ്റ്റ് ഫാളൻ സംസ്ഥാനത്തിലാണ്. അവിടെ രാജ്യത്താകെയുള്ളതിൽ പതിമൂന്നര ശതമാനം വോട്ടർമാരുണ്ട്. അതിനു തൊട്ടടുത്ത് ഏറ്റവും കൂടുതൽ വോട്ടർമാർ ഉള്ളത് ബവേറിയ, (9.3 മില്യൺ) ബാഡർ വ്യൂർട്ടംബർഗ് (7.7 മില്യൺ) എന്നീ സംസ്ഥാനങ്ങളിലുമാണ്.

*(തുടരും)*

CYAN MAGENTA YELLOW BLACK

ഇതാണു നിയമം

# അഴിമതി നിരോധന നിയമം-1988

**അഡ്വ. ചാർളിപോൾ**
*എംഎ, എൽഎൽബി, ഡിഎസ്എസ്*

**അ**ഴിമതി നിരോധന നിയമം 1988 (ദി പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ട്-1988) സെപ്റ്റംബർ 9ന് നിലവിൽവന്നു. അതിനു മുൻപ് 1947ൽ രൂപം നല്കിയ അഴിമതി നിരോധനനിയമം രണ്ട് വട്ടം പരിഷ്ക്കരിച്ച് നടപ്പിലാക്കിയിരുന്നു. 1952ലും 1964ലും അഴിമതി നിരോധന നിയമത്തിൽ ഭേദഗതികൾ വരുത്തിയിരുന്നു. ഇവ അപര്യാപ്തമായതിനാലാണ് ഇന്ത്യൻ പാർലമെണ്ട് 1988ൽ പുതിയ അഴിമതി നിരോധനനിയമം പാസ്സാക്കിയത്.

1988ലെ അഴിമതി നിരോധന നിയമം നിലവിൽ വന്നതോടെ കൈക്കൂലിക്കെതിരെ ഉണ്ടായിരുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ 161 മുതൽ 165 വരെയുള്ള വകുപ്പുകൾ എടുത്തുകളഞ്ഞു. പുതിയ നിയമം ജമ്മു കാശ്മീർ സംസ്ഥാനം ഒഴികെ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങൾക്കും ജനങ്ങൾക്കും ബാധകമാണ്.

ഒരു പബ്ലിക് സർവന്റ് (പൊതുജനസേവകൻ) തന്റെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തി ആർക്കെങ്കിലും ആനുകൂല്യം ചെയ്തുകൊടുക്കുന്നതിനുവേണ്ടി പ്രതിഫലമായോ പാരിതോഷികമായോ വാങ്ങുന്നതെന്തും അഴിമതിയുടെ (കൈക്കൂലിയുടെ) നിർവചനത്തിൽപെടും. വാങ്ങാമെന്ന് സമ്മതിച്ചാലും വാങ്ങുന്നതിന് ശ്രമിച്ചാലും അത് കുറ്റകരവും ശിക്ഷാർഹവുമാണ്

സർക്കാരിനെയോ മറ്റേതെങ്കിലും പൊതുജനസേകവകനെയോ സ്വാധീനിക്കാമെന്ന് വിശ്വസിപ്പിച്ചോ സ്വാധീനം ചെയ്തതിന്റെ ഫലമായിട്ടാണ് കാര്യം സാധിച്ചതെന്ന് ധരിപ്പിച്ചോ വാങ്ങുന്ന പാരിതോഷികങ്ങളും അഴിമതിയിൽ ഉൾപ്പെടും.

ഒരു പബ്ലിക് സർവന്റിനെ അധികാര വിനിയോഗത്തിലോ ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലോ അനർഹമായി സ്വാധീനിക്കുന്നതിനുവേണ്ടി ആരു പ്രതിഫലം വാങ്ങിയാലും അത് കുറ്റകരമാണ്.

ഉടൻതന്നെ ഉദ്യോഗത്തിൽ നിയമിതനാകുമെന്നും അപ്പോൾ എന്തെങ്കിലും ആനുകൂല്യം ചെയ്തുകൊടുക്കാമെന്നും മറ്റൊരാളോട് ഏല്ക്കുകയും കൈക്കൂലി വാങ്ങുകയും ചെയ്താൽ ഈ നിയമമനുസരിച്ച് ശിക്ഷാർഹമാണ്.

ഒരു ഉദ്യോഗസ്ഥനെ സ്വാധീനിച്ച് കാര്യം സാധിക്കുന്നതിനുവേണ്ടി മറ്റൊരുദ്യോഗസ്ഥൻ പ്രതിഫലം വാങ്ങുന്നതും അഴിമതിയാണ്. അഴിമതിക്ക് കൂട്ടുനില്ക്കുന്നതും ശിക്ഷാർഹമാണ്. വിലപിടിപ്പുള്ള സാധനങ്ങൾ തക്കതായ വില കൊടുക്കാതെയോ വെറുതെയോ വാങ്ങുന്നതും കുറ്റകരമാണ്. സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിന് അധികാരം ദുരുപയോഗിക്കുന്നതും പൊതുജനസേവകരുടെ ചില പെരുമാറ്റ ദൂഷ്യങ്ങളും കുറ്റകരമാക്കിയിട്ടുണ്ട്. വരുമാനത്തിൽ കവിഞ്ഞ സ്വത്തുക്കൾ സമ്പാദിച്ചിട്ടുണ്ടെന്ന് തെളിഞ്ഞാൽ അത് കുറ്റകരമായ പെരുമാറ്റ ദൂഷ്യമായി പരിഗണിച്ച് ഏഴുകൊല്ലം വരെ തടവുശിക്ഷ കൊടുക്കാം. പുറമേ പിഴശിക്ഷയും വിധിക്കാം.

കൈക്കൂലി വാങ്ങിച്ചെന്ന് തെളിഞ്ഞാൽ ആറ് മാസത്തിൽ കുറയാതെ അഞ്ച് കൊല്ലം വരെ തടവുശിക്ഷയും പിഴയും വിധിക്കാം. കൈക്കൂലി വാങ്ങുന്നതിന് പ്രേരണ ചെലുത്തുന്നതും കുറ്റകരമാണ്.

സർക്കാരിൽ നിന്നും ശമ്പളം പറ്റുന്ന ഉദ്യോഗസ്ഥർ മാത്രമല്ല പൊതുജനസേവകർ. ശമ്പളമായോ ഫീസായോ കമ്മീഷനായോ സർക്കാരിൽ നിന്നും പ്രതിഫലം പറ്റിക്കൊണ്ട് സർക്കാരിനോ പൊതുജനങ്ങൾക്കോ ഏതെങ്കിലും പൊതുസമൂഹത്തിനോ താത്പര്യമുള്ള ചുമതലകൾ നിർവഹിക്കുന്നവരും പൊതുജനസേവകരാണ്.

സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ജീവനക്കാരും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നവരാണ്.

ന്യായാധിപന്മാർ, നീതി നിർവഹണവുമായി ബന്ധപ്പെട്ട് കോടതിയിൽ നിന്നും നിയമിക്കുന്നവർ (ലികിഡേറ്റർ, റിസീവർ, കമ്മീഷണർ, മധ്യസ്ഥർ), തിരഞ്ഞെടുപ്പ് ജോലിയുമായി ബന്ധപ്പെട്ടവർ, പഞ്ചായത്ത് പ്രസിഡണ്ട്, മെമ്പർമാർ, മുൻസിപ്പൽ ചെയർമാൻ, കൗൺസിൽ അംഗങ്ങൾ, സഹകരണ സംഘം സെക്രട്ടറി, പ്രസിഡണ്ട്, കമ്മിറ്റിയംഗങ്ങൾ, സർവീസ് കമ്മീഷൻ, സർവകലാശാല വൈസ് ചാൻസലർ, മറ്റുദ്യോഗസ്ഥർ, അധ്യാപകർ സർക്കാർ സഹായത്തോടെ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർ, ശാസ്ത്ര - സാമൂഹ്യ-സാംസ്കാരികരംഗത്ത് പ്രവർത്തിക്കുന്നവർ എന്നിങ്ങനെയുള്ളവരെല്ലാം പൊതുജനസേവകരാണ്. ഇവർക്കെതിരായ അഴിമതി വിജിലൻസ് പോലീസ് അന്വേഷിക്കുകയും സ്പെഷ്യൽ കോടതിയിൽ വിചാരണ നിർവഹിക്കുകയും ചെയ്യും. വിജിലൻസ് കോടതി എന്നാണ് ഈ സ്പെഷ്യൽ കോടതി അറിയപ്പെടുന്നത്.

തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി നാല് വിജിലൻസ് കോടതികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സെഷൻസ് ജഡ്ജിയുടെ പദവിയിലുള്ള ഒരാളാണ് വിജിലൻസ് കോടതിയിലെ ന്യായാധിപൻ. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് എന്നാണ് മുഴുവൻ പേര്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ആണ് കൈക്കൂലി കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നത്.

വരവിൽ കവിഞ്ഞ സ്വത്തു സമ്പാദിച്ചിട്ടുള്ളവരെക്കുറിച്ച് അന്വേഷിക്കാൻ വിജിലൻസിൽ തന്നെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ സമീപിച്ചാൽ കൈക്കൂലി വീരന്മാരെ ഒതുക്കാനുള്ള ട്രാപ് സംബന്ധിച്ച് നിർദേശങ്ങൾ ലഭിക്കും. ട്രാപിൽ വീഴുന്നവർക്ക് ശിക്ഷ ഉറപ്പാണ്. അഴിമതിയെ ഒരു സാമൂഹ്യ വിപത്തായി കാണുന്നവർ ഈ ഡിപ്പാർട്ട്മെണ്ടിന്റെ സേവനം ഉപയോഗപ്പെടുത്തുക. ■

**1988ലെ അഴിമതി നിരോധന നിയമം നിലവിൽ വന്നതോടെ കൈക്കൂലിക്കെതിരെ ഉണ്ടായിരുന്ന ഇന്ത്യൻ ശിക്ഷാനിയമത്തിലെ 161 മുതൽ 165 വരെയുള്ള വകുപ്പുകൾ എടുത്തുകളഞ്ഞു. പുതിയ നിയമം ജമ്മു കാശ്മീർ സംസ്ഥാനം ഒഴികെ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങൾക്കും ജനങ്ങൾക്കും ബാധകമാണ്.**

**തിരുവനന്തപുരം, കോട്ടയം, തൃശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി നാല് വിജിലൻസ് കോടതികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സെഷൻസ് ജഡ്ജിയുടെ പദവിയിലുള്ള ഒരാളാണ് വിജിലൻസ് കോടതിയിലെ ന്യായാധിപൻ. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് എന്നാണ് മുഴുവൻ പേര്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ആണ് കൈക്കൂലി കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നത്.**

>> 7

## പൂതാടി പഞ്ചായത്തിനും തൊഴിലാളിസംഘടനകൾക്കും ലജ്ജിക്കാനൊരുകാലം

ഒരു പൊതുയോഗം കഴിഞ്ഞ് കാറിൽ വീട്ടിലേക്ക് പുറപ്പെട്ട കായംകുളം എംഎൽഎ സി.കെ. സദാശിവനെ ലോറിയിടിപ്പിച്ച് അപായപ്പെടുത്താൻ ശ്രമമുണ്ടായി. ഗുണ്ടാസംഘങ്ങളുടെ അഴിഞ്ഞാട്ടത്തെ അപലപിച്ചു പ്രസംഗിച്ചശേഷം കാറിൽ കയറിയതാണ് അദ്ദേഹം. നാട്ടുമര്യാദയനുസരിച്ചു, നിയമസഭാംഗത്തിനും പഞ്ചായത്ത് വൈസ് പ്രസിഡണ്ടിനും വഴിനടക്കാനാവാത്തവിധം നിയമവ്യവസ്ഥ തകർന്നെങ്കിൽ ആരാണ് അതിനുത്തരവാദി?

ദൈവത്തിന്റെ സ്വന്തം നാട് സമരവും ബഹളവും മൂലം പ്രക്ഷുബ്ധമാണെന്നും തൊഴിലാളികൾക്ക് തൊഴിലിനോട് കൂറില്ലെന്നും ഹൈക്കോടതി നിരീക്ഷിച്ചതും തൊട്ടടുത്ത ദിവസമായിരുന്നു. കൊച്ചി തുറമുഖ സമരം തുടരവെ, ജോലിക്ക് കയറാൻ തയ്യാറായവർക്ക് പോലീസ് സംരക്ഷണം അനുവദിച്ചുകൊണ്ടാണ് കോടതിയുടെ പ്രസ്താവനയുണ്ടായത്. തൊഴിലാളികൾക്ക് അവകാശങ്ങളെക്കുറിച്ചു മാത്രമേ ചിന്തയുള്ളു; ഉത്തരവാദിത്വങ്ങളില്ല, കടപ്പാടും. കൂലി വാങ്ങാനല്ലാതെ ജോലി ചെയ്യാൻ സന്മനസ്സില്ലാത്ത അവസ്ഥ നാടിനെ എവിടെത്തിക്കുമെന്നായിരുന്നു കോടതിയുടെ ചോദ്യം.

കോടതിയുടെ കണ്ടെത്തലുകളൊന്നും അസാധാരണമല്ല എന്ന വിധത്തിലായിരുന്നു സ്ഥാനമൊഴിയുന്ന ദേവസ്വംബോർഡു പ്രസിഡണ്ട് സി.കെ.ഗുപ്തന്റെ വിളിച്ചുചൊല്ലി പ്രായശ്ചിത്തം. കൊള്ളക്കാരുടെ താവളത്തിലകപ്പെട്ട സ്ഥിതിയിലായിരുന്നു താനെന്നാണ് അദ്ദേഹം പറഞ്ഞത്. ദൈവസങ്കല്പങ്ങളിലും ഈശ്വരസന്നിധാനത്തിലും കാലിടറിയത് കലിയുഗത്തിലെ കഷ്ടാനുഭവമായി കാണുന്ന സി.കെ. ഗുപ്തൻ, ഇനിയൊരിക്കലും ദേവസ്വം ബോർഡിലേക്കില്ലെന്ന് ശപഥം ചെയ്താണ് പടിയിറങ്ങിയിരിക്കുന്നതും.

ചതുരുപായങ്ങളുടെ നിഷ്കൃതമോ നിവർത്തനത്തിന്റെ അപര്യാപ്തതയോ, രണ്ടായാലും ഭരണനിർവഹണത്തിന്റെ സിരാകേന്ദ്രം ഇടിച്ചുനിരത്തണമെന്ന മന്ത്രി ജി. സുധാകരന്റെ ആഹ്വാനവുമായാണ് ഒരു പുലരി കടന്നുവന്നത്. സെക്രട്ടറിയേറ്റിൽ അഴിമതി ഉത്സവം പോലെയാണെന്നും, മുപ്പത്താറുമാസത്തെ അനുഭവം പലതും പഠിപ്പിച്ചുവെന്നുമാണ് അദ്ദേഹത്തിന്റെ പക്ഷം! എൻജിഒ യൂണിയൻ ആലപ്പുഴ ജില്ലാ സമ്മേളനത്തോടനുബന്ധിച്ചു നടന്ന പ്രതിനിധിസമ്മേളനവേദിയിലുണ്ടായ ഈ വെളിപാട് അപരിഷ്കൃതമായ നമ്മുടെ ദായക്രമങ്ങൾ കാലാനുസൃതമായ മാറ്റം പ്രതീക്ഷിക്കുന്നുവെന്ന് പറഞ്ഞുവയ്ക്കുകയായിരുന്നില്ലെ?

അതിസങ്കീർണമായ ഒട്ടേറെ രൂപകങ്ങൾ ചേർന്നുള്ള വ്യാക്ഷേപകം സാംസ്കാരിക മാന്ദ്യം സംഭവിച്ചു കഴിഞ്ഞ നമ്മുടെ സംസ്ഥാനത്തിന്റെ കരുത്തു ചോർത്തിക്കളഞ്ഞിരിക്കുന്നു. 'അറിവും സംസ്കാരവും മേല്ക്കുമേലൊഴുക്കുന്നോരുറവിൻ നികേതമാണിസ്ഥലം പുരാതനം' എന്നു പാടി ശീലിച്ചവർക്കും കുറ്റബോധം മാത്രം സമ്മാനിച്ചു കടന്നുപോയവാരങ്ങൾ! ആദർശത്തിന്റെ കൊടിക്കൂറ താഴ്ത്തിക്കെട്ടി മൗനപ്രചാരണം നടത്തി പിൻവാങ്ങാം; യഥാസമയം പ്രതികരിക്കുന്നതിൽ മറവി സംഭവിക്കുന്നവർക്ക് അതിനല്ലേ കഴിയൂ? അതുകൊണ്ടുതന്നെ നമുക്കൊപ്പം പൂതാടി ഗ്രാമപഞ്ചായത്തിനും തൊഴിലാളി സംഘടനകൾക്കും ബഹുമാനപ്പെട്ട മന്ത്രിക്കും സ്ഥാനമൊഴിയുന്ന ദേവസ്വം ബോർഡു പ്രസിഡണ്ടിനും ഇത് ലജ്ജിക്കാനൊരു കാലമെന്നും വിധിക്കാം.

**സമൂഹജീവിതത്തെ നിത്യമെന്നോണം അലട്ടുന്ന മാഫിയകളുടെ കൈകടത്തലും, അധോലോക സഞ്ചാരങ്ങളും നിഷേധിക്കാത്തവർ അതിന്റെ സ്വന്തം ചുമതലക്കാരെന്നു വരുന്നതല്ലെ ഇടതുപക്ഷം നേരിടുന്ന ദുരന്തം? ഒരു പൊതുയോഗം കഴിഞ്ഞ് കാറിൽ വീട്ടിലേക്ക് പുറപ്പെട്ട കായംകുളം എംഎൽഎ സി.കെ. സദാശിവനെ ലോറിയിടിപ്പിച്ച് അപായപ്പെടുത്താൻ ശ്രമമുണ്ടായി. ഗുണ്ടാസംഘങ്ങളുടെ അഴിഞ്ഞാട്ടത്തെ അപലപിച്ചു പ്രസംഗിച്ചശേഷം കാറിൽ കയറിയതാണ് അദ്ദേഹം. നാട്ടു മര്യാദയനുസരിച്ചു, നിയമസഭാംഗത്തിനും പഞ്ചായത്ത് വൈസ് പ്രസിഡണ്ടിനും വഴിനടക്കാനാവാത്തവിധം നിയമവ്യവസ്ഥ തകർന്നെങ്കിൽ ആരാണ് അതിനുത്തരവാദി?**

CYAN MAGENTA YELLOW BLACK